LIBRARY ARCHIVES Kerala Legislative Assembly

കോന്നി നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

175 (4238) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്താമെന്ന് ഗവൺമെന്റ് പ്രഖ്യാപനം നടത്തിയത് പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) കോന്നി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് ഇനി എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ എപ്പോൾ മാറ്റാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം എന്നതുകൊണ്ട് വ്യാഖ്യാനിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഏതെല്ലാം പദ്ധതിൽപ്പെടുത്തിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഓരോ പദ്ധതിയുടെയും തുക എത്ര വീതമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഇ) സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതി നടപ്പിലാക്കുന്നതിന് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ. മാരാണ് മുൻകൈയെടുക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായ തുക ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നോ ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെയോ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതികളിലൂടെയോ ആണ് സ്വരൂപിക്കുന്നത്. ബാക്കിവേണ്ടിവരുന്ന തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) ബോർഡ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണ്. കോന്നി മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 5,73,83,431 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. . ഫണ്ടുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

സർക്കാർ ഓഫീസുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് പദ്ധതി

176 (4239) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :